# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6057 04.07.2019-ൽ മറുപടി നൽകേണ്ടത്

## വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിയമനം

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പി.എസ്.സി.വിജ്ഞാപനം ചെയ്ത് എഴുത്ത് പരീക്ഷയും കൂടിക്കാഴ്ചയും പൂർത്തീകരിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിയമനം നടക്കാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഘട്ടം ഘട്ടമായി ദേശീയ തൊഴിൽ നൈപുണ്യ വികസന പാഠ്യപദ്ധതി (എൻ.എസ്.ക്യു.എഫ്) നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ സംസ്ഥാനത്ത് നിലവിൽ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ? | (ബി) | വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ 47 ഒഴിവുകൾ നിലവിലുണ്ട്. നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആകയാൽ ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ